**കേന്ദ്ര വിദേശകാര്യ മന്ത്രിയുടെ കിംഗ്ഡം ഓഫ് ബഹറിനിലെക്കുള്ള സന്ദര്ശനം ( സെപ്തംബര് 06 , 2014)**

സെപ്തംബര്  03, 2014

കേന്ദ്ര വിദേശകാര്യ മന്ത്രിയും ഓവര്സീസ് ഇന്ത്യന് അഫയേഴ്സ് മന്ത്രിയുമായ ശ്രീമതി സുഷമ സ്വരാജ് , ഔദ്യോഗിക സന്ദര്ശനത്തിനായി കിംഗ്ഡം ഓഫ് ബഹറിന് സന്ദര്ശിക്കുന്നു. സെപ്തംബര് ആറിനാണ് സന്ദര്ശനം ( സെപ്തംബര് 6, 2014 ). ഇത് ബഹറിനിലെക്കും ഗള്ഫ് മേഖലയിലെക്കുമുള്ള അവരുടെ ആദ്യ സന്ദര്ശനം ആണ്.  സന്ദര്ശനത്തോട് അനുബന്ധിച്ച്  ഉന്നത ബഹറിന് നേതൃത്വവുമായി മന്ത്രി  കൂടിക്കാഴ്ചകള് നടത്തും.

ഓവര്സീസ് ഇന്ത്യന് ഫസിലിട്ടെഷന് സെന്ററ് (  Overseas Indian Facilitation Centre (OIFC) സംഘടിപ്പിക്കുന്ന  ഇന്ത്യന് ഡയസ്പോറ എന്ഗേജ്മെന്റ്  സമ്മേളന ഉദ്ഘാടനത്തില് ശ്രീമതി സ്വരാജ് പങ്കെടുക്കും.  ഓവര്സീസ് ഇന്ത്യന് അഫയേഴ്സും കോണ് ഫെഡറേഷന് ഓഫ് ഇന്ത്യന് ഇന്ഡസ്ട്രിയും  ചേര്ന്ന്  ഇന്ത്യയിലേക്കുള്ള  വിദേശ  നിക്ഷേപങ്ങള്  പ്രോത്സാഹിപ്പിക്കുക, വ്യാപാര പങ്കാളിത്തത്തിനു സൌകര്യങ്ങള്, വിദേശ ഇന്ത്യക്കാര്ക്ക് വേണ്ടി  നിക്ഷേപ അവസരങ്ങള് പ്രോത്സാഹിപ്പിക്കുവാന്   ഇന്ത്യയിലെ  സംസ്ഥാനങ്ങളെ  സഹായിക്കുക എന്നിവ ലക്ഷ്യമാക്കി   ആരംഭിച്ച  പൊതുമേഖല-സ്വകാര്യ മേഖല സംരംഭം ആണ് ഒഐഎഫ് സി .

ഇന്ത്യയും ബഹറിനും വളരെ ഊഷ്മളമായതും സൌഹൃദപൂര്ണവുമായ ബന്ധങ്ങള് ആണ് സൂക്ഷിക്കുന്നത് . ജനങ്ങള് തമ്മിലുള്ള അടുപ്പങ്ങള്, നിരന്തരമുള്ള ഉന്നതതല സകാരാത്മക രാഷ്ട്രീയ വിനിമയങ്ങള് എന്നിവയിലൂടെ അത് ശ്രദ്ധേയമാണ് . ആദരണീയനായ കിംഗ് ഹമദ് ബിന് ഇസ ബിന് ഇസ അല് ഖലിഫ ആദ്യമായി ഇന്ത്യയില് ഔദ്യോഗിക സന്ദര്ശനം നടത്തിയത് ഫെബ്രുവരി 2014 നായിരുന്നു . ഗള്ഫില് ഇന്ത്യയുടെ പ്രധാന പങ്കാളികളില് ഒന്നാണ് ബഹ്റൈന് . ഉഭയകക്ഷി വ്യാപാരം  2013-14 ല് നൂറ്റി മുപ്പതു കോടി   ( 1. 3 ബില്ല്യന് ) അമേരിക്കന് ഡോളര്  കവിഞ്ഞിരുന്നു. ഏകദേശം  മൂന്നര ലക്ഷത്തിലധികം ഇന്ത്യക്കാര് ബഹറിനില് ജോലി ചെയ്യുകയും ബഹറിന് വികസനത്തിന് സംഭാവനകള് നല്കുകയും ചെയ്യുന്നു.  ബഹറിന് വികസനത്തിനു അവര് നല്കുന്ന സകാരാത്മകമായ അഭിനന്ദനാര്ഹമായ സംഭാവനകളാണ് നമ്മുടെ മികച്ച ഉഭയകക്ഷി ഇടപാടുകളിലെ പ്രധാന ഘടകവും . ഏകദേശം ഏഴു ദശലക്ഷം ഇന്ത്യക്കാര്ക്ക് ആതിഥ്യം അരുളുന്ന ഗള്ഫ് മേഖലയുടെ സുരക്ഷയിലും സ്ഥിരതയിലും ഇന്ത്യക്ക്  നിര്ണ്ണായകമായ  പങ്കുണ്ട്. ഇന്ത്യയുടെ ക്രൂഡ് ഓയില്  ആവശ്യങ്ങളുടെ മൂന്നിലൊന്നു ഭാഗം

സ്രോതസ് ഈ മേഖലയില് നിന്നുമാണ് . ഗള്ഫ് മേഖലയാണ് നമ്മുടെ വലിയ വ്യാപാര പങ്കാളിയും

**ന്യൂഡെല്ഹി**
**സെപ്തംബര് 3, 2014**